പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2396 08.07.2015 -ലെ മറുപടിക്ക്

## അഭയം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.പി.വിൻസെൻറ് :<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ടി.എൻ. പ്രതാപൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് അഭയം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) പദ്ധതിയുടെ രൂപരേഖ പരിശോധിച്ചു വരുന്നു. കേരള സംസ്ഥാനത്ത് നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളും, ഭവന രഹിതരുമായ 1000 പേർക്ക് ഭവന നിർമ്മാണത്തിനായി 3 ലക്ഷം (മൂന്ന് ലക്ഷം) രൂപ വീതം ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി)പ്രസ്തുത പദ്ധതി വഴി ഭവനരഹിതരായ ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ധനസഹായങ്ങൾ വിശദമാക്കാമോ ; | (ബി) ഭവനരഹിതരായ 1000 നിർമ്മാണ തൊഴിലാളി ബോർഡ് അംഗങ്ങൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായമായി 3 ലക്ഷം രൂപ വീതം ഈ പദ്ധതി വഴി നൽകാനാണ് ബോർഡ് ഉദ്ദേശിക്കുന്നത്. |

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഭരണ തലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(സി) 'അഭയം'പദ്ധതി നടപ്പിലാക്കുന്നതിന് ബോർഡ് 2015-16-ലെ ബഡ്ജറ്റിൽ ശുപാർശ ചെയ്തിട്ടുള്ളതും, ഇതിലേയ്ക്ക് തുക വകയിരുത്തിയിട്ടുള്ളതുമാണ്. കൂടാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ